പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4554 4.02.2014-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ.അനൂപ് ജേക്കബ്, ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

ഭക്ഷ്യ വകുപ്പിലെ അനധികൃത നിയമനവും സ്ഥലം മാറ്റവും

| | |
|---|---|
| എ) ഭക്ഷ്യവകുപ്പിൽ നിയമനത്തിനും സ്ഥലം മാറ്റത്തിനും കോഴവാങ്ങിയത് സംബന്ധിച്ച് ആർക്കെല്ലാമെതിരെയാണ് പരാതി ഉയർന്നിരുന്നത് ; | എ) പ്രസ്തുത ആരോപണം ഉൾക്കൊള്ളുന്ന ഒരു പരാതി സി.എം.പി.800/12 എന്ന നമ്പറിൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടായിരുന്നു. ഇതിൽ കേരള കോൺഗ്രസ് (ജേക്കബ്) ചെയർമാൻ ശ്രീ.ജോണി നെല്ലൂർ, ജനറൽ സെക്രട്ടറിമാരായ ശ്രീ.ബിജു മറ്റപ്പള്ളി, ശ്രീ.സി.മോഹനൻപിള്ള, ഭക്ഷ്യസിവിൽ സപ്ളൈസ് മന്ത്രി ശ്രീ.അനൂപ് ജേക്കബ്, പ്രൈവറ്റ് സെക്രട്ടറി ശ്രീ.രാധാകൃഷ്ണൻ, സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥ ശ്രീമതി.എസ്.ശ്രീലത എന്നിവർക്കതിരെയായിരുന്നു ആരോപണം. |
| ബി) അത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; | ബി) ഇതു സംബന്ധിച്ച 10.01.2013-ലെ ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൻപ്രകാരം ക്യു.വി.2/13/സി.ആർ.ഇ. എന്ന നമ്പറിൽ ഒരു സത്വരാന്വേഷണം നടത്തി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു. |
| സി) റിപ്പോർട്ടിൽ കുറ്റവാളികളെന്ന് കണ്ടെത്തിയിട്ടുള്ളത് ആരെയൊക്കെയെന്ന് അറിയിക്കാമോ; | സി) അന്വേഷണ റിപ്പോർട്ടിൽ കുറ്റാരോപിതരായ ശ്രീ.ബിജു മറ്റപ്പള്ളി, ശ്രീമതി.ശ്രീലത എന്നിവർക്കെതിരെ വി.സി.8/13/സി.ആർ.ഇ. എന്ന നമ്പറിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. |
| ഡി) ആരോപണ വിധേയരായവരിൽ ആരെയെല്ലാമാണ് ഒഴിവാക്കിയിട്ടുള്ളത് ? | ഡി) ശ്രീ.ജോണി നെല്ലൂർ, ശ്രീ.സി.മോഹനൻപിള്ള,ശ്രീ.രാധാകൃഷ്ണൻ, ശ്രീ.അനൂപ് ജേക്കബ് എന്നിവരെ ഒഴിവാക്കിയിട്ടുണ്ട്. |

Manjith

സെക്ഷൻ ഓഫീസർ